

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 2 - 776/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/10/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 2 - 776/2024 തീയ്യതി: 07/10/2024

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-07-2024 മുതൽ 05-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ലിജിലാൽ.ബി	ഡെപ്യൂട്ടി ഡയറക്ടർ	26-07-2024	05-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
26-07-2024	05-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ),
ശ്രീ.റോയ് റ്റി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.എ.ഡി.ബീന,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.ലക്ഷ്മികാന്ത്.പി,ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സുജിതാ ദിലീപ്	പ്രസിഡന്റ്	01-04-2023	14-07-2023
ശ്രീ.എം.കെ.ജയപാൽ	പ്രസിഡന്റ്	15-07-2023	03-08-2023
ശ്രീമതി.ജാസ്മിൻ.ടി.എസ്	പ്രസിഡന്റ്	04-08-2023	31-03-2024
ശ്രീ.ജോയ് മാത്യു	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ധന്യ രവി	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2023	31-03-2024
ശ്രീമതി.അഞ്ജന സുനിൽ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി.സന്ധ്യ കെ.പി	ഹെഡ്മിസ്ട്രസ്സ് ഗവ:എൽ.പി.എസ്	01-04-2023	31-03-2024
ശ്രീമതി.മോനിഷാ.എസ്	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി.അശ്വതി.ആർ	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ.ധന്യ രവി	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2023	31-03-2024
ശ്രീമതി.ബിൻസി അഗസ്റ്റിൻ	വി.ഇ.ഒ, വെട്ടക്കൽ സർക്കിൾ	01-04-2023	11-07-2023
ശ്രീമതി.മേരി ബെനജ .കെ.ജി	വി.ഇ.ഒ, വെട്ടക്കൽ സർക്കിൾ	12-07-2023	31-03-2024
ശ്രീ.ലൈജുമോൻ.വി.പി	വി.ഇ.ഒ,പട്ടണക്കാട് സർക്കിൾ	01-04-2023	31-03-2024
ശ്രീമതി.സിനി.എസ്	അസി.എൻജിനീയർ	01-04-2023	31-03-2024
ശ്രീമതി.സുരക്ഷിത.യു.റ്റി	അസി.സെക്രട്ടറി	01-04-2023	31-03-2024
ഡോ. ഹേമ തിലക്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2023	02-05-2023

ഡോ.ശ്രീദേവി കെ.എസ്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	03-05-2023	10-09-2023
ഡോ.ജെയിംസ്.പി.ജോയ്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	11-09-2023	31-03-2024
ഡോ.ഉണ്ണികൃഷ്ണൻ ആർ	വെറ്ററിനറി സർജൻ	01-04-2023	30-11-2023
ഡോ.ബിനു.എം.കെ	വെറ്ററിനറി സർജൻ	01-12-2023	09-02-2024
ഡോ.ടോണി തോപ്പിൽ	വെറ്ററിനറി സർജൻ	10-02-2024	11-03-2024
ഡോ.ബിനു എം.കെ	വെറ്ററിനറി സർജൻ	12-03-2024	31-03-2024
ശ്രീ.വിനീത്.എൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	17-08-2023
ശ്രീമതി.ഗായത്രി.കെ.എൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	18-08-2023	31-03-2024
ഡോ.മൃദുല രാവുണ്ണി	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2023	15-06-2023
ഡോ.ജോർജ് കെ.എ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	16-06-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല	1-1-2
4	വസ്തു നികുതി ഡി.സി.ബി - വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-4
6	പെർമിറ്റ് രജിസ്റ്ററിൽ വാർഷിക ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല	1-1-5
7	തൻവർഷ വാടക ഡിമാന്റ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-6
8	വാട്ടർ ചാർജിനത്തിലുള്ള ബാധ്യത ബാലൻസ് ഷീറ്റിൽ ഉൽപ്പെടുത്തിയില്ല	1-1-7
9	വസ്തുവിന്റെ മൂല്യം വാർഷിക കണക്കിൽ ചേർത്തിട്ടില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പ് പദ്ധതി	1-6

15	ക്ഷേമപദ്ധതികൾ	1-7
16	ക്യാഷ് വേരിഫിക്കേഷൻ	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	മൂലധന നിക്ഷേപത്തിന് അനുസൃതമായി ലൈസൻസ് ഫീസ് ഇടാക്കിയില്ല-7500 രൂപ നഷ്ടം	1-10
19	സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 12500 രൂപയുടെ വരുമാന നഷ്ടം	1-11
20	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല	1-12
21	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല	1-13
22	അംഗീകരിച്ച പദ്ധതികളിൽ ഭരിഭാഗവും നടപ്പാക്കിയില്ല.	1-14
23	MGNREGS - കൃഷിക്കായി നിലം ഒരുക്കൽ - എസ്റ്റിമെറ്റ് തയ്യാറാക്കുന്നതിലെ വീഴ്ച അധിച്ചെലവിന് ഇടയാക്കുന്നു	1-15
24	തെരുവ് വിളക്ക് പരിപാലനം - അധികം നൽകിയ തുക അംഗീകരിക്കുന്നില്ല	1-16
25	വൈദ്യുതി ബോർഡ് മുഖേനയുള്ള നിക്ഷേപ പ്രവർത്തികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-17
26	സർക്കാരിലേയ്ക്ക് ഒടുക്കുവാനായി ഈടാക്കിയ തുക ഒടുക്കുവരുത്താതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു	1-18
27	ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല	1-19
28	ഹരിതകർമ്മസേനയ്ക്ക് യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകൽ	1-20
29	ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്- അർഹമായമായ തുക പൂർണ്ണമായും വിതരണം ചെയ്തില്ല	1-21
30	അഗതി ആശ്രയ - സമയബന്ധിതമായി തുക ചെലവഴിക്കപ്പെടുന്നില്ല	1-22

31	ലൈഫ് 2020 ഭവനപദ്ധതി വെട്ടയ്ക്കൽ വിഭാഗം-തുക അധികം നൽകി	1-23
32	മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക്	1-24
33	മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ്	1-25
34	ലൈഫ് മിഷൻ - ഭവന നിർമ്മാണം - അപാകത	1-26
35	ഓഡിറ്റ് ഇംപാക്ട്	1-27
36	അറയ്ക്കൽ നെല്ലിപറമ്പ് റോഡ് പുനരുദ്ധാരണം - കരാറുകാരന് ക്രമ വിരുദ്ധമായിഅധിക തുക നൽകി	1-28
37	പൊതുമരാമത്ത് വകുപ്പ് മുഖേന അംഗൻവാടി നവീകരണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.	1-29
38	മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് - നിയമപ്രകാരം പോളിസി എടുക്കുന്നതിൽ വീഴ്ച	1-30
39	പകൽ വീട് പ്രവർത്തനച്ചെലവ് - അപാകതകൾ	1-31
40	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ ഹരിത കർമ്മ സേനയിലൂടെ - ലഘു അവലോകനം	1-32
ഭാഗം 2		
1	മൂലധന നിക്ഷേപത്തിന് അനുസൃതമായി ലൈസൻസ് ഫീസ് ഇടാക്കിയില്ല-7500 രൂപ നഷ്ടം	2-1
2	സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 12500 രൂപയുടെ വരുമാന നഷ്ടം	2-2
ഭാഗം 3		
1	ലൈഫ് 2020 ഭവനപദ്ധതി വെട്ടയ്ക്കൽ വിഭാഗം -തുക അധികം നൽകി	3-1
2	മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക്	3-2
3	മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ്	3-3

4	അറയ്ക്കൽ നെല്ലിപറമ്പ് റോഡ് പുനരുദ്ധാരണം - കരാറുകാരന് ക്രമ വിരുദ്ധമായിഅധിക തുക നൽകി	3-4
5	തെരുവ് വിളക്ക് പരിപാലനം - അധികം നൽകിയ തുക അംഗീകരിക്കുന്നില്ല.	3-5
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 7/6/24ലെ 1(1)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 10/6/24 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പട്ടണക്കാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പട്ടണക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക

പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് പത്രിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വസ്തു നികുതി ഡി.സി.ബി - വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിൽ ചേർത്തിട്ടുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രുവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

1-1-5 പെർമിറ്റ് രജിസ്റ്ററിൽ വാർഷിക ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

പെർമിറ്റ് ഫീസ് രജിസ്റ്ററിൽ വാർഷിക ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ചേർത്തിട്ടുള്ള ടിയിനത്തിലുള്ള തുകയുടെ ആധികാരികത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

1-1-6 തൻവർഷ വാടക ഡിമാന്റ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാടക രജിസ്റ്റർ പ്രകാരം കെട്ടിട വാടക തൻവർഷ ഡിമാന്റ് തുക 394293/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 400584/- രൂപയെന്ന് രേഖപ്പടുത്തി കാണുന്നു.

1-1-7 വാട്ടർ ചാർജിനത്തിലുള്ള ബാധ്യത ബാലൻസ് ഷീറ്റിൽ ഉൽപ്പെടുത്തിയില്ല

വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.2024ലെ വാട്ടർ ചാർജിനത്തിലുള്ള ബാധ്യത 8618977/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ഈ തുക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-8 വസ്തുവിന്റെ മൂല്യം വാർഷിക കണക്കിൽ ചേർത്തിട്ടില്ല

പഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ചിട്ടുള്ള വസ്തുവിന്റെ (സ്ഥലം) മൂല്യം 415120001-Local Self Government Institution Office Building- Land എന്ന ശീർഷകത്തിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

2023-24 വാർഷിക ബജറ്റ് 29/03/2023 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 2023-24 ലെ റിവൈസ്ഡ് ബജറ്റ് 08.02.2024 തീയതിയിലെ 2 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

	വരവ്	ചെലവ്
റിവൈസ്ഡ് ബജറ്റ്	345878849	343856000
ഇൻകം & എക്സ്പെന്റീച്ചർ	233512389	246343659

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	31955055
വരവ്	67029088
ആകെ	98984143
ചെലവ്	60868826
നീക്കിയിരിപ്പ്	38115317

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക

വികസന ഫണ്ട്-ജനറൽ	0	26618000	26618000	13937825	12680175
വികസന ഫണ്ട്-എസ്.സി.പി	0	5023000	5023000	2940330	2082670
വികസന ഫണ്ട്-ടി.എസ്.പി	0	177000	177000	110350	66650
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic)	498423	4498625	4997048	2730187	2266861
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	3110116	3305500	6415616	2673791	3741825
മെയിന്റനൻസ് റോഡ്	0	6676650	6676650	5580495	1096155
മെയിന്റനൻസ് നോൺ-റോഡ്	0	4898000	4898000	4465937	432063

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	പൂർത്തീകരിച്ചത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
269	23,52,28,794	145	7,56,82,039	54	91	124	20.07%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	989567	1416563	2406130	2403728	2402
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	107347272	107347272	107347272	0
ആകെ	989567	108763835	109753402	109751000	2402

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	107160	216
കർഷക തൊഴിലാളി പെൻഷൻ	5555600	506
വിധവാ പെൻഷൻ	9395200	991
വാർദ്ധക്യകാല പെൻഷൻ	24450400	2957
വികലാംഗ പെൻഷൻ	4715500	431
വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായം	90000	3
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1200400	112

1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2024 തീയതിയിൽ 03:15 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 1760/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യമായതിലധികം തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 മൂലധന നിക്ഷേപത്തിന് അനുസൃതമായി ലൈസൻസ് ഫീസ് ഇടാക്കിയില്ല-7500 രൂപ നഷ്ടം

2018 ലെ കേരളാ നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട 1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, ചട്ടം 7 പട്ടിക II പ്രകാരം വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്. 2023-24 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്ട്- 232-ാം വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ 7-ാം ചട്ടം പട്ടിക-II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തത് മൂലം പഞ്ചായത്തിന് 7500/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. ടി സ്ഥാപനത്തിൽ നിന്നും അധികമായി ഈടാക്കേണ്ട തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.04/തീയതി:30-07-24) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദശാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനം/ ലൈസൻസ് നം.	അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം	ഇടാക്കേണ്ട ലൈസൻസ് ഫീസ്	ഈടാക്കിയ ലൈസൻസ് ഫീസ്	അധികമായി ഇടാക്കേണ്ട ലൈസൻസ് ഫീസ്

1	കീർത്തി പാലസ് റെസ്റ്റോറന്റ് 50/2023-24/ തീയതി:07.04.24	5 കോടി (സേവന മേഖല)	10,000	2500	7500

ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തതു മൂലം ഈയിനത്തിൽ 7,500/- രൂപയുടെ നഷ്ടം ഉണ്ടായി. സ്ഥാപനത്തിൽ നിന്നും തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-11 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 12500 രൂപയുടെ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2023-24ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമനം	സ്ഥാപനം	അർദ്ധവർഷം	ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി
1	വെട്ടക്കൽ ക്ഷീരോൽപാദക സഹ:സംഘം.	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2= 2500
2	പാറയിൽ ക്ഷീരോൽപാദക സഹ:സംഘം. നം:എ.267.ഡി	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2= 2500
3	പുതിയകാവ് ക്ഷീരോൽപാദക	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2= 2500

	സഹ:സംഘം. നം: എ.255.ഡി		
4	മേനാശ്ശേരി ക്ഷീരോൽപാദക സഹ:സംഘം.നം: എ.297.ഡി	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2= 2500
5	തഴപ്പ് ക്ഷീരോൽപാദക സഹ:സംഘം.നം:എ.258.ഡി	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2= 2500
	ആകെ		12500

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08,തീയതി01-07-2024),ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഇടാക്കാത്തത് മൂലം പഞ്ചായത്തിന് 12,500/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(Ii)എ(I) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ 2023-24 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം	കരാറുകാരുടെ പേര്
1	അക്ഷയ് ലാൽ.എം
2	കുര്യാക്കോസ്.എം.സി
3,	സാബു.ആർ
4,	അഭിലാഷ് പുരുഷോത്തമൻ

5,	ദയാനന്ദ ബാബു
6,	ഗിരീഷ് കുമാർ
7,	അജിത്ത് പ്രസാദ്
8,	നീൽ സാമുവൽ
12	അമർജിത്ത്

1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ടി കരാറുകാരുടെ ടേണോവറിന്റെ അടിസ്ഥാനത്തിൽ ആകണം തൊഴിൽ നികുതി നിശ്ചയിക്കേണ്ടത്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.07/01-07-2024) തൊഴിൽ നികുതി ഒടുക്കാത്ത കരാറുകാരിൽ നിന്നും നികുതി ഈടാക്കി രസീതിന്റെ പകർപ്പ് സഹിതം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആ വിവരം പരിശോധിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതും, അല്ലാത്ത പക്ഷം പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ (എസ്.ഒ 071/24) ഹോമിയോ ആശുപതിയിലേയ്ക്ക് മരുന്ന വാങ്ങൽ, എന്ന പദ്ധതിക്ക് വേണ്ടി 13/01/2024 തീയതിലെ പി.എഫ് -1215, എന്ന ഇൻവോയ്സ് പ്രകാരം 3,00,000/- രൂപ ഹോംകൊ, ആലപ്പുഴ എന്ന സ്ഥാപനത്തിലേക്ക് അക്കൗണ്ട് ട്രാൻഫർ വഴി അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	എസ്.ഒ 071 /24
പ്രോജക്ട്	ഹോമിയോ ആശുപതിയിലേയ്ക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	3,00,000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ഇൻവോയ്സ് നമ്പർ	പി.എഫ് -1215/തീയതി 13/01/2024
ചെലവ്	ബിൽ തുക: 3,00,000/- ട്രഷറി ബിൽ നമ്പർ: 09/ 2023-24/ തീയതി: 31.01.2024

ടി തുക പൂർണ്ണമായും ഹോംകൊ, ആലപ്പുഴഎന്ന സ്ഥാപനത്തിന് അക്കൌണ്ട് ട്രാൻഫർ വഴി നൽകിയിട്ടുള്ളതാണ്. 1,45,590/- രൂപയുടെ മരുന്ന് 17/05/24 തീയതിയിലെ LF-165 സപ്ലൈ നോട്ട് പ്രകാരവും, 1,01,020/- രൂപയുടെ മരുന്ന് 17/07/24 തീയതിയിലെ LF-657 സപ്ലൈ നോട്ട് പ്രകാരവും ലഭ്യമാക്കിയിട്ടുണ്ട്.
53,390/- രൂപയുടെ മരുന്ന് ഓഡിറ്റ് സമയംവരേക്കും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:03, തീയതി: 30-07-2024) മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് മരുന്നുകളുടെ ബിൽകോപ്പികൾ സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിൽ അറിയിക്കുന്നത് വരെ 53,390/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-14 അംഗീകരിച്ച പദ്ധതികളിൽ ഭരിഭാഗവും നടപ്പാക്കിയില്ല.

2023-24 വർഷം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച 269 പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിൽ 54 എണ്ണം മാത്രമാണ് പൂർണ്ണമായി നടപ്പാക്കിയിട്ടുള്ളത്. സൂലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ, അംഗീകൃത പ്രോജക്ടുകളിൽ 91 എണ്ണം ഭാഗികമായി മാത്രം നടപ്പാക്കിയിട്ടുള്ളതായി കാണുന്നു. മേഖലാടിസ്ഥാനത്തിലുള്ള പദ്ധതി നടത്തിപ്പിന്റെ വിശദ വവിരം ചുവടെ കൊടുക്കുന്നു.

മേഖല	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് %
ഉല്പാദനം	13197194	5394837	40.87
സേവനം	178687486	56963039	31.87
പശ്ചാത്തലം	39294114	13324163	33.91

സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ കൃ സംവിധാനത്തിലേയ്ക്ക് മാറ്റിയതിനാലാണ് ചെലവ് ശതമാനം കുറഞ്ഞു പോയതെന്നാണ് സെക്രട്ടറി വാക്കാൽ അറിയിച്ചത്. അംഗീകാരം ലഭിക്കുന്ന പ്രോജക്ടുകൾ മുൻഗണനാക്രമത്തിൽ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-15 MGNREGS - കൃഷിക്കായി നിലം ഒരുക്കൽ - എസ്റ്റിമെറ്റ് തയ്യാറാക്കുന്നതിലെ വീഴ്ച അധിച്ചെലവിന് ഇടയാക്കുന്നു

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിയ്ക്കായി നിലം ഒരുക്കുന്നതിനായി തൻവർഷം നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. ടി പ്രോജക്ടുകളുടെ എസ്റ്റിമേറ്റ്, അളവ് പുസ്തകം പരിശോധിച്ചതിൽ,

താഴെപറയുന്ന രണ്ട് ഇനം പ്രവർത്തികളാണ് നിലം ഒരുക്കൽ പദ്ധതിയ്ക്കായി നടപ്പാക്കുന്നത്.

Sl No	Item Specification	Rate
01	Surface Dressing And Land Levelling Including Removing Vegetation And Undulations Not Exceeding 0.15m Deep And Disposal Of Rubbish.	Rs-33.4/Sqm
02	Preparation Of Field Bunds, Marginal Bunds Etc, In All Kinds Of Soil Including Excavation, Formationof Bund With The Excavated Earth.	Rs-183.15/Cum

പച്ചക്കറി കൃഷിയ്ക്കായി ബണ്ട് തയ്യാറാക്കുന്ന രണ്ട് മടങ്ങോ മൂന്ന് മടങ്ങോ സ്ഥലം സർഫസ് ഡ്രസിംഗ് നടത്തിയാൽ മതിയെന്നിരിക്കെ, നിലം ഒരുക്കലിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ്, അളവ് പുസ്തകം എന്നിവ പരിശോധിച്ചതിൽ, ബണ്ട് ഫോർമേഷന് ആവശ്യമായ സ്ഥലത്തിന്റെ ഏകദേശം ഏഴ് ഇരട്ടിയോളം സ്ഥലത്ത് ഒന്നാം ഇനമായ സർഫസ് ഡ്രസിംഗ് നടത്തുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം	പ്രോജക്ടിന്റെ പേര്	സർഫസ് ഡ്രസിംഗ് ചെയ്ത അളവ്	ബണ്ട് ചെയ്ത അളവ്
01	ക്ഷീരവികസന വകുപ്പുമായി സംയോജിച്ച് കാലിത്തീറ്റ കൃഷിയ്ക്ക് നിലം ഒരുക്കൽ - വാർഡ് 16 (LD-452954)	2023 Sqm	290sqm
02	ഞങ്ങളും കൃഷിയിലേയ്ക്ക് - തരിശ്ശു നിലം കൃഷിയോഗ്യമാക്കൽ - വാർഡ് 14 (LD-493030)	5462 Sqm	840 Sqm
03	ക്ഷീരവികസന വകുപ്പുമായി സംയോജിച്ച് കാലിത്തീറ്റ കൃഷിയ്ക്ക് നിലം ഒരുക്കൽ - വാർഡ് 15 (LD-452954)	2225 Sqm	310 Sqm

ഫോർമേഷന് ആവശ്യമായ സ്ഥലത്തിന്റെ ഏകദേശം ഏഴ് ഇരട്ടിയോളം സ്ഥലത്ത് ഒന്നാം ഇനമായ സർഫസ് ഡ്രസിംഗ് നടത്തുന്നതുമൂലം എസ്റ്റിമേറ്റിൽ കൂടുതൽ കൂടുതൽ മനുഷ്യദിനങ്ങൾ ഉൾപ്പെടുത്തേണ്ടിവരുന്നു. ഇത് അധികച്ചെലവിന് ഇടയാക്കുന്നു. ഭാവിയിൽ ഇത്തരം പോരായ്മകൾ പരിഹരിച്ച് പദ്ധതി നടത്തുന്നതാണ് എന്നാണ് മേൽ അപാകതകയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 26/5.8.24) മറുപടി ലഭ്യമാക്കിയത്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-16 തെരുവ് വിളക്ക് പരിപാലനം - അധികം നൽകിയ തുക അംഗീകരിക്കുന്നില്ല

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് തൻവർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തെരുവ് വിളക്ക് പരിപാലനത്തിനായി 2022-23 വർഷം ആസൂത്രണം ചെയ്ത് ഡി.പി.സി അംഗീകാരം വാങ്ങിയ So003/2023 നമ്പർ പ്രോജക്ട് നടപ്പാക്കുന്നതിനായി 21.11.2022ൽ ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക (ഒരു ലൈറ്റിന് 160/- രൂപ) ക്വോട്ട് ചെയ്ത ശ്രീ.ജോബി എബ്രഹാം എന്ന കരാറുകാരനുമായി 9.1.2023ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയ്ക്ക് 2023-24 വർഷം സ്പിൽ ഓവർ അംഗീകരം (പ്രോ.നം. So179/24) വാങ്ങുകയും 1940 എണ്ണം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് 292800/- രൂപ (ചെക്ക് നം. 0594267/ 9.2.24 – 46865/- & ചെക്ക് നം 002257/ 4.8.23 – 245935/-) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

തുടർന്ന് തെരുവ് വിളക്ക് പരിപാലനത്തിനായി ആവിഷ്കരിച്ച So049/2024 നമ്പർ പുതിയ പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക (ഒരു ലൈറ്റിന് 210/- രൂപ) ക്വോട്ട് ചെയ്ത അജിത് പ്രസാദ് എന്ന കരാറുകാരനുമായി 9.10.2023ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും 10/10/2023 മുതൽ 28/11/2023 വരെയുള്ള തീയതികളിൽ 911 എണ്ണം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് 191310/- രൂപ ചെലവഴിക്കുകയും (ചെക്ക് നം. 002969/29.3.24 – 25620/- & ചെക്ക് നം. 0594266/ 9.2.24 – 165690/-) ചെയ്തിട്ടുണ്ട്.

So179/24 നമ്പർ സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്ത് കരാറുകാരനുമായി ഒപ്പുവെച്ച എഗ്രിമെന്റിന്റെ കാലാവധി 8.1.2024 വരെയായതിനാലും പ്രോജക്ടിൽ തുക ചെലവഴിക്കുവാൻ ബാക്കിയുള്ളതിനാലും ടി കാലയളവിൽ പുതിയ പദ്ധതി ആവീഷ്കരിച്ച് നടപ്പാക്കേണ്ട ആവശ്യമില്ല. എന്നാൽ ഇതിന് വിരുദ്ധമായി So049/2024 നമ്പർ പുതിയ പ്രോജക്ട് നടപ്പിലാക്കി 10/10/2023 മുതൽ 28/11/2023 വരെയുള്ള തീയതികളിൽ 911 എണ്ണം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് ഒരു ലൈറ്റിന് 210/- രൂപ നിരക്കിൽ തുക ചെലവഴിച്ചതുമൂലം 45550/- രൂപയുടെ (911x50) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടാണ്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/2.8.24) മറുപടി ലഭ്യമാക്കിയില്ല.

1-17 വൈദ്യുതി ബോർഡ് മുഖേനയുള്ള നിക്ഷേപ പ്രവർത്തികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൻവർഷം നിർവ്വഹണം നടത്തിയ താഴെപറയുന്ന നിക്ഷേപ പ്രവർത്തികൾക്കായി വൈദ്യുതി ബോർഡിൽ 219215/- രൂപ നിക്ഷേപിച്ചിട്ടുണ്ട്.

ക്രമ നം.	പ്രോജക്ടിന്റെ പേര്/ നം	നിക്ഷേപിച്ച തുക	ചെലവ് വിവരം

01	കാളിവീട് എസ്.സി കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ (പ്രോ.നം. So206/24)	201253/-	ബിൽ നം. 374/29.1.24
02	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രോ.നം. So289/24)	17962	ചെക്ക് നം. 003894/11.3.24
	ആകെ	219215	

മേൽ പറഞ്ഞിട്ടുള്ള പ്രവർത്തികൾ പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും (നം. 13/2.8.24) മറുപടി ലഭ്യമാക്കിയില്ല. ധന വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 219215/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 സർക്കാരിലേയ്ക്ക് ഒടുക്കുവാനായി ഈടാക്കിയ തുക ഒടുക്കുവരുത്താതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

2023-24ലെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 പരിശോധിച്ചതിൽ, മുൻവർഷങ്ങളിൽ വിവിധ ഇനങ്ങളിലായി സർക്കാരിലേയ്ക്ക് ഒടുക്കുവാനായി ഈടാക്കിയ 139059 രൂപ നാളിതുവരെ ഒടുക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ഹെഡ് കോഡ്	ഇനം	ഈടാക്കിയ തുക	അധിക വിവരം
350400999	Refund Of Unutilised Grants	108064/-	ക്ഷേമ പെൻഷൻ ഇനത്തിൽ ഗ്രണഭോക്താക്കൾ അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കിയത്.
350300103	Value Added Tax	29465/-	ജി.എസ്.ടി നിലവിൽ വരുന്നതിന് മുമ്പ് വാറ്റ് ഇനത്തിൽ ഈടാക്കിയ തുക
350300112	Value Of Court Fee Stamp	1530	ഓൺ ലൈൻ അപേക്ഷകളിലെ സ്റ്റാമ്പ് ഇനത്തിൽ ഈടാക്കിയ തുക.
	ആകെ	139059	

മേൽ പരാമർശിച്ച ഇനങ്ങളിലായി പൊതുജനങ്ങളിൽ നിന്നും ഈടാക്കിയ തുക യഥാസമയം സർക്കാരിലേയ്ക്ക് തിരിച്ചടക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ഇതുസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിനായി ഓഡിറ്റ്

എൻക്വയറി (നം. 15/2.8.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്ക് പ്രകാരം സർക്കാരിലേയ്ക്ക് ഒടുക്കുവാൻ അവശേഷിക്കുന്ന 139059/- രൂപ അടിയന്തിരമായി ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-19 ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. പട്ടണക്കാട് ശാഖയിൽ 17/08/2022 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിലെ 10.04.24 ലെ നീക്കിയിരുപ്പ് 364940/-രൂപയാണ്. എന്നാൽ ടി തുക പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. പ്രസ്തുത തുക നാളിതുവരെയും ട്രാൻസ്ഫർ ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുകയുടെ കൃത്യത പ്രതിമാസ/പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

ബാങ്ക് ചാർജ്ജസ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും 959/- രൂപ ബാങ്ക് ഈടാക്കിയിട്ടുള്ളതായി കാണുന്നു. സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല. ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടി തുക ഉൾപ്പെടെയുള്ള നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

പ്രസ്തുത അക്കൗണ്ട് ആരംഭിക്കുന്നതിന് മുമ്പുള്ള കാലയളവിലെ ഈ ടെണ്ടർ ഫീ ഇനത്തിലുള്ള തുക എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടി ഇനത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക പൂർണ്ണമായും തിരികെ ലഭ്യമാക്കിയിട്ടുള്ള തിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/29.7.24) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ നീക്കിയിരുപ്പ് തുക തനത് ഫണ്ടിലേയ്ക്ക് ഒടുക്കുന്നതാണെന്നും, ബാങ്ക് ചാർജ്ജിനത്തിൽ ഈടാക്കിയ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിലെ തുക ഒഴികെ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൌണ്ടിൽ ഈ ഇനത്തിൽ ബാക്കിയുള്ള തുക തിരികെ ലഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 ഹരിതകർമ്മസേനയ്ക്ക് യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകൽ

പ്രോജക്ട് നം - S0148/24

പ്രോജക്ടിന്റെ പേര് - ഹരിതകർമ്മസേനയ്ക്ക് യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകൽ

പട്ടണക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ തനത് ഫണ്ടിൽ 33200/-രൂപ വകയിരുത്തി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം ചെയ്ത മേൽ സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും 32552/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

1) ചെക്ക് നം. 2711425/22.06.23 തുക.19228

ഹരിതകർമ്മസേനാംഗങ്ങൾക്ക് എറണാകുളം ബാഗ് വേൾഡിൽ നിന്നും 13.06.23 ലെ BGT2324/1080 നം. ഇൻവോയ്സ് പ്രകാരം, റെയിൻകോട്ട് വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

Description Of Goods	Qty	Rate	Amount
Raincoat 50”	37	494.94	18312.78
SGST@2.5%			457.82
CGST@2.5%			457.82
Total			19228

അപാകത താഴെ ചേർക്കുന്നു.

A) 19228 രൂപ ബാഗ് വേൾഡിന്റെ ബാങ്ക് അക്കൌണ്ടിൽ നൽകുന്നതിന് പകരം ഹരിതകർമ്മസേന കൺസോർഷ്യം സെക്രട്ടറിയുടെ അക്കൌണ്ടിൽ നൽകി.

B) റെയിൻകോട്ടുകളുടെ വിതരണരേഖയില്ല.

2) ചെക്ക് നം. 002277/15.11.23 തുക.13324

13324രൂപ ചെലവിലെ അപാകത താഴെ ചേർക്കുന്നു.

1) എം.സി.എഫിലേക്ക് ആവശ്യമായ സാധന സാമഗ്രികൾ വിവിധ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി. ആയതിന് ചെലവായ 13324/- രൂപ സ്ഥാപനങ്ങളുടെ അക്കൌണ്ടിൽ നൽകാതെ ഹരിതകർമ്മസേന നൻമ കൺസോർഷ്യം സെക്രട്ടറിയുടെ അക്കൌണ്ടിൽ നൽകി.

ചെലവിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

ക്രമ നം	സ്ഥാപനം	ബിൽനം/തീയതി	ഇനം	എണ്ണം	നിരക്ക്	തുക

1	ആദിത്യ ബുക്ക്സ്& ലേഡീസ് സെന്റർ	292/3.10.23	രജിസ്റ്റർ	1	35	35
			രജിസ്റ്റർ	2	180	360
2	ആദിത്യ ബുക്ക്സ്& ലേഡീസ് സെന്റർ	297/5.10.23	കാസിയോ കാൽകുലേറ്റർ	1	535	535
3	എസ്.വി.ഹാർഡ് വെയേഴ്സ്	രേഖപ്പെടുത്തിയിട്ടില്ല/3.10.23	ടാർപ്പ	2	1250	2500
			റോപ്പ്	1/2	200	100
4	പടയൻ ട്രേഡേഴ്സ്	181/5.10.23	*****			9794
ആകെ						13324

***** എം.സി.എഫിലെ വാട്ടർ ടാങ്ക് മാറ്റി സ്ഥാപിച്ച വകയിൽ 17 ഇനം സാധനങ്ങൾ പടയൻ ട്രേഡേഴ്സിൽ നിന്നും വാങ്ങിയതിന്റെ വില 7444/-രൂപയും പണിക്കൂലി 2350/- രൂപയും ഉൾപ്പടെ 9794/-രൂപ.

2) മേൽ ബില്ലുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ഓഡിറ്റ് എൻക്വയറിക്ക് (നം.5/31.07.24) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ 32552/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്- അർഹമായമായ തുക പൂർണ്ണമായും വിതരണം ചെയ്തില്ല

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2023-24 വർഷം നടപ്പിലാക്കിയ മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ (പ്രോജക്ട് നം: So061/24) ഫയൽ, സൂലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ചതിൽ, പദ്ധതിയ്ക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

ഫണ്ട് ഇനം	വകയിരുത്തിയത്	ചെലവഴിച്ചത്
വികസന ഫണ്ട് പൊതു വിഭാഗം	10,00,000	940800
ജില്ലാ പഞ്ചായത്ത് വിഹിതം	500000	171750
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	500000	458075
ആകെ	20,00,000	1570625

അർഹമായമായ സ്കോളർഷിപ്പ് തുക പൂർണ്ണമായും വിതരണം ചെയ്തില്ല.

A) സ്കോളർഷിപ്പ് ഇനത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു വർഷം അനുവദിക്കേണ്ട തുക 28,500/- രൂപയാണെന്നിരിക്കെ, ഒരു കുട്ടിയ്ക്ക് പോലും മുഴുവൻ തുകയും വിതരണം ചെയ്തിട്ടില്ല. ഫയൽ പരിശോധിച്ചതിൽ, മാനസിക വെല്ലുവിളി നേരിടുന്ന 55 കുട്ടികളിൽ 45 പേർക്ക് 26500/- രൂപവീതവും 7 പേർക്ക് 22750/- രൂപവീതവും മറ്റ് രണ്ട് കുട്ടികൾക്ക് 24225/-, 24000/- വീതവുമാണ് നൽകിയിട്ടുള്ളത്. സ്കൂളിൽ പോകാത്ത ഒരു കുട്ടിയ്ക്ക് 12000/- രൂപയ്ക്ക് അർഹതയുണ്ടെങ്കിലും 9000/- രൂപ മാത്രമാണ് നൽകിയിട്ടുള്ളത്.

B) ശാരീരിക വെല്ലുവിളി നേരിടുന്ന 17 കുട്ടികളിൽ 4 കുട്ടികൾക്ക് മാത്രമാണ് മുഴുവൻ തുകയും നൽകിയിട്ടുള്ളത്. ശേഷിക്കുന്ന 13 കുട്ടികൾക്ക് ഭാഗികമായി മാത്രമാണ് തുക നൽകിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	പഠിക്കുന്ന ക്ലാസ്സ്	അർഹമായ തുക	നൽകിയ തുക	കുറവ്
1.	വർഗ്ഗീസ് ഇമ്മാനുവൽ	ബിരുദം	13000	10000	3000
2.	ലക്ഷ്മി ജയദേവൻ	ബിരുദം	13000	10000	3000
3.	ഫ്രാൻസി കെ.എ	ബിരുദം	13000	10000	3000
4.	ഫാത്തിമ എസ്	ബിരുദം	13000	10000	3000
5.	അബിൻ കെ.ജെ	ബിരുദം	13000	10000	3000
6.	രഞ്ജിത കെ.ആർ	ബിരുദം	13000	10000	3000
7.	ആര്യ ലക്ഷ്മിത	പ്ലസ് ടു	8000	6000	2000
8.	ശ്രീഹരി	പ്ലസ് ടു	8000	6000	2000
9.	വൈദേഹി. എസ്	9	8000	6000	2000
10.	അഖില നികർത്തിൽ	6	6600	5300	1300
11	മിഥുൻ മാധവ്	5	6600	3300	3300
12	സിയോൺ സി.ജെ	4	5300	2700	2600

13	കൃഷ്ണദേവ് കെ.എ	2	5300	4700	600

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25-01-2019 ലെ സർക്കുലർ നം.ഡി.എ -1/19/2019 പ്രകാരം ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണെന്നും, മതിയായ തുക ഇതിനായി നീക്കിവെയ്ക്കുന്നുവെന്ന് ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടില്ല. സംയുക്ത പദ്ധതികൾക്ക് വകയിരുത്തുന്ന തുക അതാത് ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്നുണ്ടെന്നും, ആയത് പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്. കുറവ് വന്ന തുക വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/2.8.24) മറുപടി ലഭ്യമാക്കിയില്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-22 അഗതി ആശ്രയ - സമയബന്ധിതമായി തുക ചെലവഴിക്കപ്പെടുന്നില്ല

പ്രോജക്ട് നം - S0040/24

പ്രോജക്ടിന്റെ പേര് - അഗതി രഹിത കേരളം-ആശ്രയ–പഞ്ചായത്ത് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ടിനം	വകയിരുത്തൽ	ചെലവ്
വികസന ഫണ്ട് (പൊതുവിഭാഗം)	500000	500000
ബ്ളോക്ക് പഞ്ചായത്ത് വിഹിതം	150000	150000
ജില്ലാ പഞ്ചായത്ത് വിഹിതം	100000	0
ആകെ അടങ്കൽ	750000	650000

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

1) ബിൽ നം. 12/23-24/25.03.24 തുക.500000

2) ബിൽ നം. 13/23-24/25.03.24 തുക.150000

പട്ടണക്കാട് ഗ്രാമ പഞ്ചായത്തിലെ അഗതി ആശ്രയ ഗുണഭോക്തൃലിസ്റ്റിൽ 271 ഗുണഭോക്താക്കൾ ഉണ്ട്. അഗതി ആശ്രയ കിറ്റ് മുടങ്ങാതെ നൽകുന്നതിനും, അഗതികളുടെ മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കുമായിട്ടാണ് പഞ്ചായത്ത് വിഹിതവും, ബ്ളോക്ക് പഞ്ചായത്ത് വിഹിതവും, ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.

അപാകത ചൂവടെ ചേർക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി പിൻവലിച്ചു നൽകിയ 650000/- രൂപ സി.ഡി.എസിന്റെ ഡെസ്റ്റിറ്റ്യൂട്ട് ഫ്രീ കേരള അക്കൌണ്ടിൽ (അക്കൌണ്ട് നം.127012301039478) 25.03.24 ൽ ലഭിച്ചിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചിട്ടില്ല. നിലവിൽ അക്കൌണ്ടിൽ 729790 രൂപ നീക്കിയിരുപ്പ് ഉണ്ട്. അഗതികൾക്കായി തുക ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/31.07.24) മറുപടി ലഭ്യമാക്കിയില്ല. അഗതികൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-23 ലൈഫ് 2020 ഭവനപദ്ധതി വെട്ടയ്ക്കൽ വിഭാഗം-തുക അധികം നൽകി

പ്രോജക്ട് നം - S0015/24

പ്രോജക്ടിന്റെ പേര് - ലൈഫ് 2020 ഭവനപദ്ധതി വെട്ടയ്ക്കൽ വിഭാഗം-ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ, വെട്ടയ്ക്കൽ സർക്കിൾ

ഫണ്ടിനം	വകയിരുത്തൽ	ചെലവ്
വികസന ഫണ്ട് (പൊതുവിഭാഗം)	1610000	1310000
സംസ്ഥാനാവിഷ്കൃതഫണ്ട്	5000000	2080000
ബ്ളോക്ക് പഞ്ചായത്ത് വിഹിതം	1190000	920000
ജില്ലാ പഞ്ചായത്ത് വിഹിതം	1600000	320000
ഹഡ്കോ	11000000	3050000
ആകെ അടങ്കൽ	20400000	7680000

മേൽ പ്രോജക്ടിൽ നിന്നും ഭവനനിർമ്മാണത്തിനായി തുക അനുവദിച്ച് നൽകിയതിൽ എ.കെ.വർഗ്ഗീസ്& മറിയാമ്മ , ആട്ടപ്പറമ്പിൽ,പട്ടണക്കാട്,വാർഡ്-15 എന്ന ഗുണഭോക്താവിന്റെ എസ്.ബി.ഐ.പട്ടണക്കാട് ബ്രാഞ്ചിലെ 67223198251നം.ബാങ്ക് അക്കൌണ്ടിൽ 60000രൂപ അധികം നൽകി. അനുവദിച്ച് നൽകിയ തുകയുടെ വിശദ വിവരം ചൂവടെ ചേർക്കുന്നു.

ക്രമനം	അനുവദിച്ച തുക	ഫണ്ടിനം	ബിൽ സാങ്ഷൻനം/ തീയതി	റിമാർക്സ്

1	40000	വികസന ഫണ്ട് (പൊതുവിഭാഗം)	31/23-24/23.05.23	ഒന്നാം ഗഡു
2	160000	വികസന ഫണ്ട് (പൊതുവിഭാഗം)	74/23-24/21.06.23	രണ്ടാം ഗഡു
3	100000	വികസന ഫണ്ട് (പൊതുവിഭാഗം)	95/23-24/03.07.23	മൂന്നാം ഗഡു
4	60000	ഹഡ്കോ	156/17.08.23	നാലാം ഗഡു
5	60000	ഹഡ്കോ	174/23.08.23	നാലാം ഗഡു ആവർത്തിച്ച് നൽകി
6	40000	ഹഡ്കോ	344/05.01.24	നാലാം ഗഡു

മേൽ 5 ബില്ലുകളിൽ നിന്നായി 460000 രൂപ ഗുണഭോക്താവിന് നൽകി. ലൈഫ് ഭവനനിർമ്മാണത്തിന് നൽകാവുന്ന പരമാവധി തുക 400000 രൂപ മാത്രമായിരിക്കെ, 60000രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/02.08.2024), അധികം നൽകിയ 60000രൂപ തിരികെ അടവാക്കാമെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. മേൽ കാരണത്താൽ അധികം നൽകിയ 60000രൂപയുടെ ചെലവ് നിരാകരിക്കുന്നു.

1-24 മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക്

പ്രൊജക്ട് നം.	:	30/24
നിർവ്വഹണഉദ്യോഗസ്ഥൻ	:	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ തുക	:	496000/- (പദ്ധതി വി. - 372000/-, ഗുണ.വി. - 124000/-)
ചെലവ് തുക	:	192174/-
ബിൽ വിവരം	:	12/27.03.24 – 68985/- ചെക്ക് നം. 2597/20.03.24 – 45169/- 2968/29.03.24 - 78020/-

ഗ്രാമ പഞ്ചായത്തിന്റെ 23-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

1) പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചതിൽ പൊന്നാരത്ത് ഏജൻസീസ്, കായംകുളം എന്ന സ്ഥാപനം സമർപ്പിച്ച 3285/- രൂപ നിരക്കിലുള്ള (500 Lit PVC Water Tank, 2 Layer, Black, 15 Yr Warrenty) ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ഫിലിപ്സൺ എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

500 Lit PVC Water Tank, 3 Layer, Black, 10 Yr Warrenty - 2450/-

500 Lit PVC Water Tank, 3 Layer, White, 10 Yr Warrenty - 2650/-

പഞ്ചായത്ത് കമ്മിറ്റിയുടെ 30/12/23 ലെ 1(6) നമ്പർ തീരുമാനത്തിൽ പർച്ചേസിംഗ് കമ്മിറ്റി സാമ്പിളുകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പൊന്നാരത്ത് ഏജൻസീസിന്റെ ടെണ്ടർ അംഗീകരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പർച്ചേസിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 23-24 സാമ്പത്തിക വർഷത്തെ പർച്ചേസുമായി ബന്ധപ്പെട്ട് ആകെ കൂടിയിട്ടുള്ളത് 20.09.23 ലെ ഒരു യോഗം മാത്രമാണ്. (പേജ് നം. 168-170) പ്രസ്തുത യോഗത്തിൽ പി.വി.സി വാട്ടർ ടാങ്ക് ടെണ്ടർ നടപടികളിലൂടെ വാങ്ങുവാൻ മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്. മറ്റ് തുടർ നടപടികളൊന്നും തന്നെ പർച്ചേസിംഗ് കമ്മിറ്റി നടത്തിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ മൂന്ന് ലെയറുള്ളതും, 10 വർഷ വാറന്റിയുള്ളതും, കുറഞ്ഞ നിരക്കിലുള്ളതുമായ വാട്ടർ ടാങ്ക് ഒഴിവാക്കി രണ്ട് ലെയർ മാത്രമുള്ള കൂടിയ നിരക്കിലുള്ള വാട്ടർ ടാങ്ക് വാങ്ങിയ നടപടി ക്രമ പ്രകാരമല്ല. കൂടാതെ ഈ വാങ്ങലിന് പർച്ചേസിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടില്ല. പർച്ചേസിംഗ് കമ്മിറ്റി സാമ്പിളുകൾ പരിശോധിച്ചു എന്ന തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ആകയാൽ മൂന്ന് ലെയറിന്റെ കുറഞ്ഞ നിരക്കിലുള്ള വാട്ടർ ടാങ്ക് ഒഴിവാക്കിയതു മൂലം 45925/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. (3285 – 2450 = 835 X 55 = 45925/-) പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2) പദ്ധതിയ്ക്കായി 150 ഗുണഭോക്താക്കളിൽ നിന്നും 822/- രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ട്. എന്നാൽ ഇവരിൽ പകുതിയോളം പേർ ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളവരല്ല. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകിയ ലിസ്റ്റ് പ്രകാരമുള്ളവർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമായിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) ഓഡിറ്റ് വർഷം 55 വാട്ടർ ടാങ്കുകളാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ഇതിന് നൽകേണ്ട തുക 180675/- രൂപയാണ് (55 X 3285/-). എന്നാൽ സ്ഥാപനത്തിന് നൽകിയത് 192174/- രൂപയാണ്. അധികം നൽകിയത് 11499/- രൂപ .

4) പദ്ധതിയുടെ കരാർ തുക 492750/- രൂപയാണ്. 2.5 ലക്ഷത്തിന് മുകളിലുള്ള കരാർ പ്രവൃത്തികളിൽ നിന്നും നിയമാനുസൃതം 2% ജി.എസ്.ടി ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ബില്ലിൽ ഇത്തരത്തിലുള്ള കുറവ് വരുത്തിയിട്ടില്ല.

5) ഓഡിറ്റ് വർഷം പദ്ധതി പൂർത്തീകരിക്കാതിരുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല. നിലവിൽ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതിന്റെ രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/1.08.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ കരാറുകാരന് അധികമായി നൽകിയ 11499/-രൂപയും, ജി.എസ്.ടി ഇനത്തിൽ ഈടാക്കുവാനുള്ള 3843/- രൂപയും (192174/- X 2%) കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ്

പ്രൊജക്ട് നം.	:	28/24
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ തുക	:	494000/- (പദ്ധതി വി.)
ചെലവ് തുക	:	454308/-
ബിൽ വിവരം	:	1 - 6/18.03.24

ഗ്രാമ പഞ്ചായത്തിന്റെ 23-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം എന്ന പദ്ധതി പ്രകാരം 13 പേർക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇത് പ്രകാരം ജെം പോർട്ടൽ മുഖേന എക്സ്പീം ഐ.ടി സൊലൂഷൻസ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും ഒരു ലാപ്പ്ടോപ്പിന് 37859/- രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ഓഡിറ്റ് വർഷം 12 ലാപ്പ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷം പദ്ധതി പൂർത്തീകരിക്കാതിരുന്നതിന്റെ കാരണമോ, നിലവിൽ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതിന്റെ രേഖകളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

പദ്ധതിയുടെ കരാർ തുക 492167/- രൂപയാണ്. 2.5 ലക്ഷത്തിന് മുകളിലുള്ള കരാർ പ്രവൃത്തികളിൽ നിന്നും നിയമാനുസൃതം 2% ജി.എസ്.ടി ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ബില്ലിൽ ഇത്തരത്തിലുള്ള കുറവ് വരുത്തിയിട്ടില്ല. പ്രസ്തുത തുക പിന്നീട് ഈടാക്കിയിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11/1.08.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും, ജി.എസ്.ടി ഇനത്തിൽ ബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 9086/- രൂപ (454308 X 2%) കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

1-26 ലൈഫ് മിഷൻ - ഭവന നിർമ്മാണം - അപാകത

പ്രോജക്ട് നം - S0155/24(സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - ഭവനപുനരുദ്ധാരണം -എസ്.സി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ.പട്ടണക്കാട് സർക്കിൾ

ഫണ്ടിനം	വകയിരുത്തൽ	ചെലവ്
വികസന ഫണ്ട് (എസ്.സി.പി)	505000	175000

അപാകതയുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

1) ബിൽ നം. 15/23-24/27.06.23

മേൽ ബില്ല് പ്രകാരം ദേവകി കുട്ടൻപിള്ള, വാര്യത്ത് ലക്ഷം വീട്, വാർഡ്-5, പട്ടണക്കാട് എന്ന ഗുണഭോക്താവിന് ഭവനപുനരുദ്ധാരണത്തിന് അഡ്വാൻസായി 25000 രൂപ നൽകി. 25.05.23 ൽ പ്രവൃത്തി സംബന്ധിച്ച് എൽ.ഐ.ഡി&ഇ.ഡബ്ല്യു സെക്ഷൻ തേഡ് ഗ്രേഡ് ഓവർസിയർ തയ്യാറാക്കിയ 54000രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും, 29.03.23 ൽ ഗുണഭോക്താവ് കരാർ വെയ്ക്കുകയും ചെയ്തു. കരാർ വെച്ചതിന് ശേഷം 25000 രൂപ പ്രവൃത്തി ആരംഭിക്കുന്നതിനായി മുൻകൂറായി നൽകിയെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

വി.ഇ.ഒ.പട്ടണക്കാട് സർക്കിൾ, വി.ഇ.ഒ.വെട്ടയ്ക്കൽ സർക്കിൾ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം ചെയ്ത ലൈഫ് മിഷൻ പ്രോജക്ടുകൾ മുഖേന വീട് നിർമ്മാണത്തിന് തുക നല്കിയതിൽ നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതോ, പൂർത്തീകരിക്കാത്തതോ ആയ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/01.08.24)ലഭ്യമായ മറുപടിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ. നം	പ്രോജക്ടിന്റെ പേര്	ഗുണഭോക്താവിന്റെ പേരും വിലാസവും	കൈപ്പറ്റിയ തുക	ബിൽ നം,തീയതി	നിലവിലെ അവസ്ഥ
1	ലൈഫ് ഭവനം എസ് സി	കവിത അദ്വൈത് നിവാസ് വാർഡ് – 9	40000	15/22-23/15.03.23	ആരംഭിച്ചില്ല

2	ലൈഫ് ഭവനം സി എസ്	നാരായണി പാണാപ്പറമ്പത്ത് വാർഡ് –7	40000	10/22-23/17.02.23	ആരംഭിച്ചില്ല
3	ലൈഫ് ഭവനം സി എസ്	ജജിത ചങ്ങംവേലി വാർഡ് –5	40000	01/23-24/23.05.23	ആരംഭിച്ചില്ല
4	ലൈഫ് ഭവനം സി എസ്	രതീഷ് പാറായി നികർത്ത് വാർഡ് –6	40000	01/23-24/23.05.23	ആരംഭിച്ചില്ല
5	ലൈഫ് ഭവനം സി എസ്	ചെല്ലമ്മ ഇളമത്ത് നികർത്ത് വാർഡ് –11	40000	03/23-24/23.08.23	ആരംഭിച്ചില്ല
6	ലൈഫ് ഭവനം സി എസ്	പ്രസന്ന പള്ളത്തിപറമ്പ് വാർഡ് –10	40000	01/23-24/23.05.23	ആരംഭിച്ചില്ല
7	ലൈഫ് ഭവനം സി എസ്	സാബുമോൻ കടേപ്പറമ്പിൽ വാർഡ് -3	40000	07/23-24/10.07.23	ആരംഭിച്ചില്ല
8	ലൈഫ് ഭവനം സി എസ്	മായ വലിയതറയിൽ വാർഡ് –15	40000	08/23-24/13.07.23	ആരംഭിച്ചില്ല

9	ലൈഫ് ഭവനം ജനറൽ	ഐഡാമ്മ വാലയിൽ വാർഡ് –1	40000	5977/07.09.2018	ആരംഭിച്ചില്ല
10	ലൈഫ് ഭവനം ജനറൽ	ബൈജു പി സി ചക്കളത്തുവെളി വാർഡ് –7	40000	18012/18.09.2018	ആരംഭിച്ചില്ല
11	ലൈഫ് ഭവനം എസ് സി	ഷീജ അമിതാലയം വാർഡ് –3	40000	6083/30.08.2018	ആരംഭിച്ചില്ല
12	ലൈഫ് ഭവനം ജനറൽ	തങ്കച്ചൻ വി ഡി വടക്കേകാവിൽനികർത്ത് വാർഡ് –4	40000	18057/21.03.19	ആരംഭിച്ചില്ല
13	ലൈഫ് ഭവനം എസ് സി	സജനിമോൾ പുത്തൻപറമ്പിൽ വാർഡ് –14	40000	05/22-23/19.01.22	ആരംഭിച്ചില്ല
14	ലൈഫ് ഫിഷറീസ് അഡീഷണൽ	ഗ്രേഷ്യസ് കാട്ടുങ്കൽതയ്യിൽ വാർഡ് –19	40000	115/23-24/10.07.23	ആരംഭിച്ചില്ല
15	ലൈഫ് ഭവനം എസ് സി	മഞ്ജുഷ കൊച്ചുകോതമംഗലത്ത് വാർഡ് –5	200000	06/22-23/26.03.23	അടിത്തറ

16	ലൈഫ് ഭവനം എസ് സി	അംബിക ഭാർഗ്ഗവി ഭവനം വാർഡ് –5	300000	06/22-23/26.03.23	ലിന്റൽ
17	ലൈഫ് ഭവനം എസ് സി	ശ്രീജ കോതമംഗലത്ത് വാർഡ് –5	200000	06/22-23/26.03.23	അടിത്തറ
18	ലൈഫ് ഭവനം എസ് സി	മഹിളാമണി കൊച്ചടിനികർത്ത് വാർഡ് –5	300000	23/23-24/23.08.23	ലിന്റൽ
19	ലൈഫ് ഭവനം എസ് സി	ശ്യംലാൽ ദേവസ്വംതറ വാർഡ് –5	300000	01/22-23/27.08.22	ലിന്റൽ
20	ലൈഫ് ഭവനം എസ് സി	അശ്വതി പുത്തൻനികർത്ത് വാർഡ് –5	300000	01/22-23/27.08.22	ലിന്റൽ
21	ലൈഫ് ഫിഷറീസ് അഡീഷണൽ	ഗിൽബർട്ട് താന്നിക്കൽ വാർഡ് –17	200000	427/22-23/16.03.23	അടിത്തറ
22	ലൈഫ് ഫിഷറീസ് അഡീഷണൽ	ഗ്രേസി മാണിയപൊഴി വാർഡ് –17	380000	6706/22.02.23	ലിന്റൽ

പ്രവൃത്തി ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും അവർ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത

ഗുണഭോക്താക്കളെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-27 ഓഡിറ്റ് ഇംപാക്ട്

ഇൻഷ്വറൻസ് പോളിസിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല – ഫൈൻ ഈടാക്കി

മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് നൽകിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാർ തുകയുടെ 0.5% നിരക്കിൽ, (മിനിമം 200000/- പരമാവധി 500000/- രൂപ) ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 22/5.08.24) നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി ഇനത്തിലുള്ള ഫൈനായി 3511/- രൂപ ഗ്രാമ പഞ്ചായത്തിൽ ഒടുക്കി വിവരം രേഖാമൂലം അറിയിച്ചിട്ടുണ്ട്. (രസീത് നം. 1241000602 – 1241000604/5.08.2024) പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ വിവരം	കരാറുകാരൻ	കരാർ തുക	ഈടാക്കേണ്ട ഫൈൻ
1	ഒതേക്കാട് മൂലയിൽ റോഡ് പുനരുദ്ധാരണം (146/23) പ്രവൃത്തിമൂല്യം - 959071/- ബിൽ നം. 1/31.7.23 - 371601/-	മനോജ് കുമാർ. കെ.എസ്	817032	1634
2	വെട്ടക്കൽ മണിയംപോഴി റോഡ് ടാറിംഗ് (159/23) പ്രവൃത്തിമൂല്യം - 756402/- ബിൽ നം. 124/20.7.23 - 156402/-	അക്ഷയ് ലാൽ.എം	642697	1285
3	തച്ചേത്ത് കോതകുളങ്ങര റോഡ് പരിപാലനം (186/23) പ്രവൃത്തിമൂല്യം - 348285/- ബിൽ നം. 24/26.03.24 - 132623/-	ഭാർഗ്ഗവൻ.കെ	296035	592

1-28 അറയ്ക്കൽ നെല്ലിപറമ്പ് റോഡ് പുനരുദ്ധാരണം - കരാറുകാരന് ക്രമ വിരുദ്ധമായിഅധിക തുക നൽകി

പ്രോജക്ട് നമ്പർ	:	145/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	അസി.എഞ്ചിനിയർ
കരാറുകാരൻ	:	എം.സി.കുര്യാക്കോസ്
എം.ബുക്ക്	:	56492/2022
എഗ്രീഡ് പിഎസി	:	1246214/-
പ്രവൃത്തി മൂല്യം	:	1470370/-
ബിൽ നം.	:	3/31.07.23

പ്രസ്തുത പ്രവൃത്തിയുടെ ഒർജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത താഴെ പറയുന്ന ഇനങ്ങൾ എക്സ്ട്രാ ഇനങ്ങളായിട്ടാണ് കരാറുകാരൻ ചെയ്തിട്ടുള്ളത്. ടെണ്ടർ വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ ക്വാട്ട് ചെയ്തിട്ടുള്ള ടെണ്ടർ വ്യതിയാനം എക്സ്ട്രാ ഇനങ്ങൾക്കും ബാധകമാണ്. ഇവിടെ എസ്റ്റിമേറ്റ് തുകയിൽ നിന്നും 8.08% (ശരാശരി കുറവ്) കുറഞ്ഞ നിരക്കാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകിയപ്പോൾ ഈ ആനുപാതിക കുറവ് എക്സ്ട്രാ ഇനങ്ങളിൽ വരുത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇന വിവരം	ചെയ്ത അളവ്	എസ്റ്റിമേറ്റ് നിരക്ക്	അനുവദനീയ നിരക്ക്	നൽകിയ നിരക്ക്	നൽകാവുന്ന തുക	നൽകിയ തുക	അധികം
1	Providing And Laying Reinforced Cement Concrete Pipe NP3 As Per Design …..	10 M	4198.02/M	3858.82/M	4184.58/ M	38588	41846	3258
2	Construction Of Subgrade And Earthern Shoulders With Approved Material…..	7.25 M^3	1210.20/M^3	1112.42/M^3	1203.98/M^3	8065	8729	664
	ആകെ							3922

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 28/5.08.24) ലഭ്യമാക്കിയ മറുപടിയിൽ നിരക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതാകയാൽ അപാകത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരന് ക്രമ വിരുദ്ധമായി അധികം നൽകിയ 4628/- രൂപ (3922 + 18% ജി.എസ്.ടി) തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-29 പൊതുമരാമത്ത് വകുപ്പ് മുഖേന അംഗൻവാടി നവീകരണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2016-17 വർഷത്തെ 100/2018 നമ്പർ പ്രോജക്ട് പ്രകാരം വാർഡിലെ 145 നമ്പർ അംഗനവാടിയുടെ നിർമ്മാണത്തിനായി 5,00,000/- രൂപ പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിരുന്നു. 2023-24ലെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18, അഡ്വാൻസ് രജിസ്റ്റർ എന്നിവയിൽ ടി തുക ഇപ്പോഴും പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ പരാമർശിച്ച അംഗനവാടിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 14/2.8.24) മറുപടി ലഭ്യമാക്കിയില്ല. പൊതുമരാമത്ത് വകുപ്പിൽ നിന്നും പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-30 മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് - നിയമപ്രകാരം പോളിസി എടുക്കുന്നതിൽ വീഴ്ച

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് (ക്ലോസ് 12.1,12.2) വ്യവസ്ഥ പ്രകാരം മരാമത്ത് പ്രവൃത്തി, പ്രവൃത്തിയിൽ ഉൾപ്പെടുന്ന മെറ്റീരിയൽസ് , മെഷിനറീസ്, തൊഴിലാളികൾ എന്നിവർക്കായി കരാർ തുകയുടെ 0.5% നിരക്കിൽ, (മിനിമം 200000/- പരമാവധി 500000/- രൂപ) ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം 15 ഓളം കരാർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള സുനിൽകുമാർ.പി.എസ് എന്ന കരാറുകാരൻ എല്ലാ പ്രവൃത്തികളിലും ഒരു ഇൻഷ്വറൻസ് പോളിസിയുടെ പകർപ്പാണ് ഹാജരാക്കിയിട്ടുള്ളത്. നാഷണൽ ഇൻഷ്വറൻസ് പോളിസി നം. 570106412310000044, കാലയളവ് 3.11.23 മുതൽ 2.11.24. പ്രസ്തുത പോളിസിയിൽ പ്രവൃത്തിയുടെ പേര് രേഖപ്പെടുത്തിയിട്ടില്ല. ആകെ 4 എംപ്ലോയീസിനുള്ള കവറേജാണ് പോളിസിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/5.08.24) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമ പ്രകാരം ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-31 പകൽ വീട് പ്രവർത്തനച്ചെലവ് - അപാകതകൾ

പ്രോജക്ട് നം – So089/2024

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

പകൽ വീടിന്റെ ദൈനംദിന ചെലവുകൾക്കായി ആസൂത്രണം ചെയ്ത് നടപ്പാക്കിയ പ്രോജക്ടാണിത്. കെയർ ടേക്കർ, കുക്ക് എന്നിവരുടെ വേതനം, അന്തേവാസികളെ പകൽ വീട്ടിലേയ്ക്ക് എത്തിക്കുന്നതിനും തിരികെ കൊണ്ടുപോകുന്നതിനുമുള്ള വാഹന വാടക, പലവ്യഞ്ജനങ്ങൾ, പച്ചക്കറി മുതലായവ വാങ്ങൽ എന്നിവയ്ക്കായി പ്രോജക്ട് പ്രകാരം 770275/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) പലവ്യഞ്ജനങ്ങൾ, പച്ചക്കറി എന്നിവയ്ക്ക് കൂടുതൽ തുക നൽകി.

വെട്ടയ്ക്കൽ സി.കെ.വി സ്റ്റോറിൽ നിന്നും 05/23ൽ പലവ്യഞ്ജനങ്ങൾ, പച്ചക്കറി എന്നിവ വാങ്ങിയതിന് സ്ഥാപന ഉടമയായ ശ്രീ.ഷൈബു ലഭ്യമാക്കിയ താഴെപറയുന്ന ബിൽ പ്രകാരം ആകെ നൽകേണ്ട തുക 9891/- രൂപയാണ്.

ബിൽ നം 710/8.5.23 – 2337/-

ബിൽ നം 711/13.5.23 – 2477/-

ബിൽ നം 712/25.5.23 – 2528/-

ബിൽ നം 713/29.5.23 – 2549/-

ആകെ നൽകേണ്ട തുക - 9891/-

എന്നാൽ ടിയാന്റെ അക്കൗണ്ടിലേയ്ക്ക് 11869/- രൂപ കൈമാറിയിട്ടുണ്ട്. അധികം നൽകിയ 1978/- തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ചെലവ് വിവരം

ബിൽ നം 30/22.6.2023 – 28985/-

2) സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അന്തേവാസികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനായി വാങ്ങുന്ന പലവ്യഞ്ജനങ്ങൾ, പച്ചക്കറി, മുതലായവയുടെ ദൈനംദിന വിനിയോഗം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഓരോ മാസവും വലിയ തുക ഇതിനായി ചെലവഴിക്കുന്നുണ്ടെങ്കിലും വാങ്ങുന്ന സാധനങ്ങൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. ആയതിനാൽ ഓരോ തവണയും വാങ്ങുന്ന സാധനങ്ങളുടെ അളവും അവയുടെ വിനിയോഗവും കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 24/5.8.24) മറുപടി ലഭ്യമാക്കിയില്ല. പകൽ വീട്ടിലേയ്ക്ക് വാങ്ങുന്ന എല്ലാവിധ സാധനങ്ങളും കൃത്യമായി സ്റ്റോക്കിൽ രേഖപ്പെടുത്തി വിതരണം നടത്തേണ്ടതാണ്.

1-32 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ ഹരിത കർമ്മ സേനയിലൂടെ - ലഘു അവലോകനം

1) ഹരിത കർമ്മ സേനയുടെ പ്രസക്തിയും ലക്ഷ്യവും

ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് ത.സ്വ.ഭ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. മണ്ണ്, ജലം, വായു എന്നിവയുടെ വൃത്തിയും ശുചിത്വവും നിലനിർത്തേണ്ടതും, പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികളും ശീലങ്ങളും പൊതുജനങ്ങളിൽ വളർത്തേണ്ടതും പ്രദേശിക സർക്കാരുകളുടെ ഉത്തരവാദിത്തമാണ്. ഇതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തൊട്ടാകെ അതിരൂക്ഷമായ രീതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിനാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുന്നതിലൂടെ മാലിന്യപ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമുണ്ടാക്കുകയും, അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

2) ഹരിത കർമ്മ സേനയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലും ഹരിത കർമ്മ സേനാംഗങ്ങളെ നിയമിച്ചിട്ടുണ്ട്.എല്ലാ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ സൂക്ഷിക്കുകയും മാസാവസാനം തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു. 2020 നവംബർ മാസം മുതൽ വീടുകളിൽ (50/-രൂപ) നിന്നും വ്യപാര സ്ഥാപനങ്ങളിൽ (100/-രൂപ) നിന്നും യൂസർ ഫീ ചുമത്തി വരുന്നു. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ ഓരോ വാർഡിലേയും മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും പഞ്ചായത്തിൽ നിന്നും നേരിട്ട് മോണിട്ടർ ചെയ്യുവാൻ സാധിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇഒ, കുടുംബശ്രീ ചെയർപേഴ്സൺ, മുതലായ അംഗങ്ങൾ ഉൾപ്പെട്ട സമിതി പ്രവർത്തിക്കുന്നു. ടി സമിതി ഓരോ മാസവും സേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

3) പരിശീലനം ലഭിച്ചതിന്റെ വിവരം

ഹരിത കർമ്മ സേനയുടെ രൂപീകരണ സമയത്ത് പ്ലാസ്റ്റിക് സമൂഹത്തിന് ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ, ഇവയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പെയിൻ, ജൈവ - അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിക്കുക എന്നിവയുമായി ബന്ധപ്പെട്ട് 3 ദിവസത്തെ പരിശീലനം നൽകിയിരുന്നു. പിന്നീട് നാളിതുവരെ മാലിന്യ ശേഖരണ, സംസ്കരണവുമായി ബന്ധപ്പെട്ട് പരിശീലനമൊന്നും തന്നെ ലഭിച്ചിട്ടില്ല.

4) മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി ആകെ 8585 വീടുകളും 381 വ്യാപാര സ്ഥാപനങ്ങളുമുണ്ട്. ഹരിത കർമ്മ സേനയുടെ 2023-24 വർഷത്തെ കളക്ഷൻ റിപ്പോർട്ട് പ്രകാരം ഏകദേശം 4695 വീടുകളും 203 സ്ഥാപനങ്ങളും യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നുണ്ട്. സ്ഥിരമായി അടഞ്ഞു കിടക്കുന്ന വീടുകളും സ്ഥാപനങ്ങളും ഒഴികെ ഏകദേശം 3890 വീടുകളും 169 സ്ഥാപനങ്ങളും യൂസർ ഫീ നൽകുന്നില്ല. ഓരോ മാസവും ഏകദേശം 3.2 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന എല്ലാ മാലിന്യങ്ങളും ഉറവിടത്തിൽത്തന്നെ വേർതിരിക്കുകയും റീസൈക്ലിംഗ് ചെയ്യാൻ സാധിക്കാത്ത ലെഗസി (എം.എൽ.പി) വേസ്റ്റുകൾ പ്രത്യേകം സൂക്ഷിക്കുകയും ചെയ്യുന്നു. ശുചിത്വ മിഷൻ അംഗീകരിച്ച വാർഷിക പ്രവർത്തന കലണ്ടർ പ്രകാരം പ്ലാസ്റ്റിക് വേസ്റ്റിനോടൊപ്പം തുണി, കുപ്പിച്ചില്ലുകൾ, പോളി എത്തിലിൻ പ്രിന്റിംഗ് ഷീറ്റുകൾ, ഇ-വേസ്റ്റ് മുതലായവ ഓരോ മാസവും റൊട്ടേഷൻ അനുസരിച്ച് വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കേണ്ടതാണ്. എന്നാൽ നിലവിൽ കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് കവറുകൾ മാത്രമാണ് ഹരിത കർമ്മ സേന വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്നത്. ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുന്നുണ്ട്.

5) <u>ലെഗസി വേസ്റ്റുകളുടെ നിർമ്മാർജ്ജനം</u>

ഹരിത കർമ്മ സേന ശേഖരിക്കുന്ന, പുനരുപയോഗിക്കുവാൻ സാധിക്കാത്ത ലെഗസി (എം.എൽ.പി) വേസ്റ്റുകളുടെ അളവ് ഓരോ മാസവും വർദ്ധിച്ചു വരുകയാണ്. പുനരുപയോഗിക്കുവാൻ സാധിക്കാത്ത ഇത്തരം പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊടിച്ച് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റി (R.R.F) കേന്ദ്രങ്ങളിലെ സംവിധാനം പ്രയോജനപ്പെടുത്തേണ്ടതാണ്.ലെഗസി (എം.എൽ.പി) വേസ്റ്റുകളുടെ നിർമ്മാർജ്ജനം ഓരോ മാസവും വലിയ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നു. ലെഗസി (എം.എൽ.പി) വേസ്റ്റുകളുടെ നിർമ്മാർജ്ജനത്തിന് മറ്റെന്തെങ്കിലും സംവിധാനങ്ങൾ കൂടി ആവിഷ്കരിക്കുന്നത് ഈയിനത്തിലെ ബാധ്യത ലഘൂകരിക്കുന്നതിന് സഹായകരമാണ്.

6) <u>മെറ്റീരിയൽ കളക്ഷൻ സെന്ററുകളുടെ അപര്യാപ്തത</u>

വിവിധ വാർഡുകളിൽ നിന്നും പ്രതിമാസം മൂന്ന് ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ഇവ സൂക്ഷിക്കുന്നതിന് ആവശ്യമായ സംഭരണ കേന്ദ്രങ്ങൾ പഞ്ചായത്തിൽ അപര്യാപ്തമാണ്. നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് വാർഡ് തലത്തിൽ 2 വീതം മിനി എം.സി.എഫുകളും പഞ്ചായത്ത് തലത്തിൽ ആറാം വാർഡിൽ ഒരു എം.സി.എഫും മാത്രമാണുള്ളത്. ഇവിടെ ബെയിലിംഗ്, ഷ്രഡിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ശേഖരിക്കുന്ന മാലിന്യം അതേപടി സൂക്ഷിക്കുന്നതിനുള്ള സൗകര്യം മാത്രമാണുള്ളത്.

ഹരിത കർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ 12.08.2020-ലെ സ.ഉ (സാധാ) നം.1496/2020/ത.സ്വ.ഭ.വ തീയതി പ്രകാരം കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള എം.സി.എഫ് പഞ്ചായത്ത്

തലത്തിൽ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് ജനസംഖ്യ അടിസ്ഥാനത്തിൽ മതിയായ വിസ്തീർണ്ണമുള്ള പ്രധാന എം.സി.എഫ് കേന്ദ്രങ്ങളും ആവശ്യമാണ്.

7) **<u>ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രവർത്തനം</u>**

പഞ്ചായത്തിലെ 43 ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് ഹരിതകർമസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണം മുതൽ അവ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയുമാണ് ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രധാന കർത്തവ്യം. കൺസോർഷ്യത്തിന്റെ നോഡൽ ഓഫീസർ അസിസ്റ്റന്റ് സെക്രട്ടറിയും ചാർജ് ഓഫീസർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ്. സേനയിലെ ഓരോ അംഗത്തിനും പ്രതിമാസം ശരാശരി 7000/- രൂപ വേതനം ലഭിക്കുന്നു.

8) **<u>ഓഡിറ്റിന്റെ നിഗമനം / ശുപാർശ</u>**

A) പേപ്പർ, തുണി ക്യാരി ബാഗുകളുടെ ഉപയോഗം പ്രത്സാഹിപ്പിക്കുക. കൺസോർഷ്യത്തിന്റെ കീഴിൽ ഇത്തരം ക്യാരി ബാഗ് ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

B) ശുചിത്വ മിഷന്റെ വാർഷിക കലണ്ടർ പ്രകാരം ഓരോ മാസവും കൃത്യമായ ഇടവേളകളിൽ എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുക.

C) ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ് അനുസരിച്ച് ഓരോ വാർഡിലും ആവശ്യമായ എണ്ണം മിനി എം.സി.എഫുകളും പഞ്ചായത്ത് തലത്തിൽ സംഭരണ ശേഷി കൂടിയ എം.സി.എഫുകളും സ്ഥാപിക്കുക, മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക.

D) പുനരുപയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉല്പാദനവും ഉപയോഗവും നിർത്തലാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുക. ഇവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക. തുണി സഞ്ചികൾ, പേപ്പർ ക്യാരി ബാഗുകൾ എന്നിവയുടെ ഉൽപ്പാദനവും ഉപയോഗവും പരമാവധി പ്രോത്സാഹിപ്പിക്കുക.

മേൽ നടപടികളിലൂടെ ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ചിട്ടയായതും നിരന്തരവുമായ ഇടപെടൽ ആവശ്യമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 മൂലധന നിക്ഷേപത്തിന് അനുസൃതമായി ലൈസൻസ് ഫീസ് ഇടാക്കിയില്ല-7500 രൂപ നഷ്ടം

2018 ലെ കേരളാ നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട 1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, ചട്ടം 7 പട്ടിക II പ്രകാരം വ്യാപാര/ വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.2023-24 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്ട്- 232ാം വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ 7ാം ചട്ടം- പട്ടിക-II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തത് മൂലം പഞ്ചായത്തിന് 7500/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. ടി സ്ഥാപനത്തിൽ നിന്നും അധികമായി ഈടാക്കേണ്ട തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:04/തീയതി: 30-07-24) മറുപടി ലഭ്യമാക്കിയിട്ടുണ്ട് . വിശദശാംശങ്ങൾ ചുവടെ ചേർക്കുന്നു .

ക്രമ നം	സ്ഥാപനം / ലൈസൻസ് നം	അപേക്ഷ പ്രകാരമുള്ള മൂലധന നിക്ഷേപം /	ഇടാക്കേണ്ട ലൈസൻസ് ഫീസ്	ഈടാക്കിയ ലൈസൻസ് ഫീസ്	അധികമായി ഇടാക്കേണ്ട ലൈസൻസ് ഫീസ്
1	കീർത്തി പാലസ് റെസ്റ്റോറന്റ്. 50/2023-24/ തീയതി:07.04.24	5 കോടി (സേവന മേഖല)	10,000	2500	7500

ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തത മൂലം ഈയിനത്തിൽ 7500 രൂപയുടെ നഷ്ടം ഉണ്ടായി.സ്ഥാപനത്തിൽ നിന്നും തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് . ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2-2 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 12500 രൂപയുടെ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2023-24ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമനം	സ്ഥാപനം	അർദ്ധവർഷം	ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി
1	വെട്ടക്കൽ ക്ഷീരോൽപാദക സഹ:സംഘം.	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2= 2500
2	പാറയിൽ ക്ഷീരോൽപാദക സഹ:സംഘം. നം:എ.267.ഡി	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2= 2500
3	പുതിയകാവ് ക്ഷീരോൽപാദക സഹ:സംഘം. നം: എ.255.ഡി	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2= 2500
4	മേനാശ്ശേരി ക്ഷീരോൽപാദക സഹ:സംഘം.നം: എ.297.ഡി	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2= 2500

5	തഴപ്പ് ക്ഷീരോൽപാദക സഹ:സംഘം.നം:എ.258.ഡി	ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ	1250X2= 2500
	ആകെ		12500

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08,തീയതി:01-07-2024),ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഇടാക്കാത്തത് മൂലം പഞ്ചായത്തിന് 12,500/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ലൈഫ് 2020 ഭവനപദ്ധതി വെട്ടയ്ക്കൽ വിഭാഗം -തുക അധികം നൽകി

പ്രോജക്ട് നം - S0015/24

പ്രോജക്ടിന്റെ പേര് - ലൈഫ് 2020 ഭവനപദ്ധതി വെട്ടയ്ക്കൽ വിഭാഗം-ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ, വെട്ടയ്ക്കൽ സർക്കിൾ

ഫണ്ടിനം	വകയിരുത്തൽ	ചെലവ്
വികസന ഫണ്ട് (പൊതുവിഭാഗം)	1610000	1310000
സംസ്ഥാനാവിഷ്കൃതഫണ്ട്	5000000	2080000
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	1190000	920000
ജില്ലാ പഞ്ചായത്ത് വിഹിതം	1600000	320000
ഹഡ്കോ	11000000	3050000
ആകെ അടങ്കൽ	20400000	7680000

മേൽ പ്രോജക്ടിൽ നിന്നും ഭവനനിർമ്മാണത്തിനായി തുക അനുവദിച്ച് നൽകിയതിൽ എ.കെ.വർഗ്ഗീസ്& മറിയാമ്മ , ആട്ടപ്പറമ്പിൽ,പട്ടണക്കാട്,വാർഡ്-15 എന്ന ഗുണഭോക്താവിന്റെ എസ്.ബി.ഐ.പട്ടണക്കാട് ബ്രാഞ്ചിലെ 67223198251നം.ബാങ്ക് അക്കൌണ്ടിൽ 60000രൂപ അധികം നൽകി. അനുവദിച്ച് നൽകിയ തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമനം	അനുവദിച്ച തുക	ഫണ്ടിനം	ബിൽ നം/ ബിൽ സാങ്ഷൻനം/ തീയതി	റിമാർക്സ്
1	40000	വികസന ഫണ്ട് (പൊതുവിഭാഗം)	12/23-24/23.05.23	ഒന്നാം ഗഡു
2	160000	വികസന ഫണ്ട് (പൊതുവിഭാഗം)	31/23-24/21.06.23	രണ്ടാം ഗഡു
3	60000	ഹഡ്കോ	156/17.08.23	മൂന്നാം ഗഡു
4	60000	ഹഡ്കോ	174/23.08.23	മൂന്നാം ഗഡു ആവർത്തിച്ച് നൽകി
5	40000	ഹഡ്കോ	344/05.01.24	നാലാം ഗഡു

മേൽ 5 ബില്ലുകളിൽ നിന്നായി 460000 രൂപ ഗുണഭോക്താവിന് നൽകി. ലൈഫ് ഭവനനിർമ്മാണത്തിന് 400000 രൂപ നൽകാമെന്നിരിക്കെ, 60000രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/02.08.2024) ,അധികം നൽകിയ 60000രൂപ തിരികെ അടവാക്കാമെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. 60000രൂപയുടെ ചെലവ് നിരാകരിക്കുന്നു.

3-2 മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക്

പ്രൊജക്ട് നം.	:	30/24
നിർവ്വഹണഉദ്യോഗസ്ഥൻ	:	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ തുക	:	496000/- (പദ്ധതി വി. - 372000/-, ഗ്രണ.വി. - 124000/-)
ചെലവ് തുക	:	192174/-
ബിൽ വിവരം	:	12/27.03.24 – 68985/- ചെക്ക് നം. 2597/20.03.24 – 45169/- 2968/29.03.24 - 78020/-

ഗ്രാമ പഞ്ചായത്തിന്റെ 23-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

1) പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ചതിൽ പൊന്നാരത്ത് ഏജൻസീസ്, കായംകുളം എന്ന സ്ഥാപനം സമർപ്പിച്ച 3285/- രൂപ നിരക്കിലുള്ള (500 Lit PVC Water Tank, 2 Layer, Black, 15 Yr Warrenty) ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ഫിലിപ്സൺ എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

500 Lit PVC Water Tank, 3 Layer, Black, 10 Yr Warrenty - 2450/-

500 Lit PVC Water Tank, 3 Layer, White, 10 Yr Warrenty - 2650/-

പഞ്ചായത്ത് കമ്മിറ്റിയുടെ 30/12/23 ലെ 1(6) നമ്പർ തീരുമാനത്തിൽ പർച്ചേസിംഗ് കമ്മിറ്റി സാമ്പിളുകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പൊന്നാരത്ത് ഏജൻസീസിന്റെ ടെണ്ടർ അംഗീകരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പർച്ചേസിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 23-24 സാമ്പത്തിക വർഷത്തെ പർച്ചേസുമായി ബന്ധപ്പെട്ട് ആകെ കൂടിയിട്ടുള്ളത് 20.09.23 ലെ ഒരു യോഗം മാത്രമാണ്. (പേജ് നം. 168-170) പ്രസ്തുത യോഗത്തിൽ പി.വി.സി വാട്ടർ ടാങ്ക് ടെണ്ടർ നടപടികളിലൂടെ വാങ്ങുവാൻ മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്. മറ്റ് തുടർ നടപടികളൊന്നും തന്നെ പർച്ചേസിംഗ് കമ്മിറ്റി നടത്തിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ മൂന്ന് ലെയറുള്ളതും, 10 വർഷ വാറന്റിയുള്ളതും, കുറഞ്ഞ നിരക്കിലുള്ളതുമായ വാട്ടർ ടാങ്ക് ഒഴിവാക്കി രണ്ട് ലെയർ മാത്രമുള്ള കൂടിയ നിരക്കിലുള്ള വാട്ടർ ടാങ്ക് വാങ്ങിയ നടപടി ക്രമ പ്രകാരമല്ല. കൂടാതെ ഈ വാങ്ങലിന് പർച്ചേസിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടില്ല. പർച്ചേസിംഗ് കമ്മിറ്റി സാമ്പിളുകൾ പരിശോധിച്ചു എന്ന തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ആകയാൽ മൂന്ന് ലെയറിന്റെ കുറഞ്ഞ നിരക്കിലുള്ള വാട്ടർ ടാങ്ക് ഒഴിവാക്കിയതു മൂലം 45925/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. (3285 – 2450 = 835 X 55 = 45925/-) പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2) പദ്ധതിയ്ക്കായി 150 ഗ്രണഭോക്താക്കളിൽ നിന്നും 822/- രൂപ നിരക്കിൽ ഗ്രണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ട്. എന്നാൽ ഇവരിൽ പകുതിയോളം പേർ ഗ്രാമ സഭ അംഗീകരിച്ച ഗ്രണഭോക്തൃ ലിസ്റ്റിൽ ഉള്ളവരല്ല. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകിയ ലിസ്റ്റ്

പ്രകാരമുള്ളവർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമായിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) ഓഡിറ്റ് വർഷം 55 വാട്ടർ ടാങ്കുകളാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ഇതിന് നൽകേണ്ട തുക 180675/- രൂപയാണ് (55 X 3285/-). എന്നാൽ സ്ഥാപനത്തിന് നൽകിയത് 192174/- രൂപയാണ്. അധികം നൽകിയത് 11499/- രൂപ .

4) പദ്ധതിയുടെ കരാർ തുക 492750/- രൂപയാണ്. 2.5 ലക്ഷത്തിന് മുകളിലുള്ള കരാർ പ്രവൃത്തികളിൽ നിന്നും നിയമാനുസൃതം 2% ജി.എസ്.ടി ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ബില്ലിൽ ഇത്തരത്തിലുള്ള കുറവ് വരുത്തിയിട്ടില്ല.

5) ഓഡിറ്റ് വർഷം പദ്ധതി പൂർത്തീകരിക്കാതിരുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല. നിലവിൽ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതിന്റെ രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/1.08.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ കരാറുകാരന് അധികമായി നൽകിയ 11499/-രൂപയും, ജി.എസ്.ടി ഇനത്തിൽ ഈടാക്കുവാനുള്ള 3843/- രൂപയും (192174/- X 2%) കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-3 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ്

പ്രൊജക്ട് നം.	:	28/24
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ തുക	:	494000/- (പദ്ധതി വി.)
ചെലവ് തുക	:	454308/-
ബിൽ വിവരം	:	1 - 6/18.03.24

ഗ്രാമ പഞ്ചായത്തിന്റെ 23-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം എന്ന പദ്ധതി പ്രകാരം 13 പേർക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇത് പ്രകാരം ജെം പോർട്ടൽ മുഖേന എക്സ്പീം ഐ.ടി സൊല്യൂഷൻസ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും ഒരു ലാപ്പ്ടോപ്പിന് 37859/- രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ഓഡിറ്റ് വർഷം 12 ലാപ്പ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷം പദ്ധതി പൂർത്തീകരിക്കാതിരുന്നതിന്റെ കാരണമോ, നിലവിൽ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതിന്റെ രേഖകളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

പദ്ധതിയുടെ കരാർ തുക 492167/- രൂപയാണ്. 2.5 ലക്ഷത്തിന് മുകളിലുള്ള കരാർ പ്രവൃത്തികളിൽ നിന്നും നിയമാനുസൃതം 2% ജി.എസ്.ടി ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ബില്ലിൽ ഇത്തരത്തിലുള്ള കുറവ് വരുത്തിയിട്ടില്ല. പ്രസ്തുത തുക പിന്നീട് ഈടാക്കിയിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11/1.08.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും, ജി.എസ്.ടി ഇനത്തിൽ ബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 9086/- രൂപ (454308 X 2%) കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

3-4 അറയ്ക്കൽ നെല്ലിപറമ്പ് റോഡ് പുനരുദ്ധാരണം - കരാറുകാരന് ക്രമ വിരുദ്ധമായിഅധിക തുക നൽകി

പ്രോജക്ട് നമ്പർ	:	145/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	അസി.എഞ്ചിനിയർ
കരാറുകാരൻ	:	എം.സി.കുര്യാക്കോസ്
എം.ബുക്ക്	:	56492/2022
എഗ്രീഡ് പിഎസി	:	1246214/-
പ്രവൃത്തി മൂല്യം	:	1470370/-
ബിൽ നം.	:	3/31.07.23

പ്രസ്തുത പ്രവൃത്തിയുടെ ഒർജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത താഴെ പറയുന്ന ഇനങ്ങൾ എക്സ്ട്രാ ഇനങ്ങളായിട്ടാണ് കരാറുകാരൻ ചെയ്തിട്ടുള്ളത്. ടെണ്ടർ വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ ക്വാട്ട് ചെയ്തിട്ടുള്ള ടെണ്ടർ വ്യതിയാനം എക്സ്ട്രാ ഇനങ്ങൾക്കും ബാധകമാണ്. ഇവിടെ എസ്റ്റിമേറ്റ് തുകയിൽ നിന്നും 8.08% (ശരാശരി കുറവ്) കുറഞ്ഞ നിരക്കാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകിയപ്പോൾ ഈ ആനുപാതിക കുറവ് എക്സ്ട്രാ ഇനങ്ങളിൽ വരുത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇന വിവരം	ചെയ്ത അളവ്	എസ്റ്റിമേറ്റ് നിരക്ക്	അനുവദനീയ നിരക്ക്	നൽകിയ നിരക്ക്	നൽകാവുന്ന തുക	നൽകിയ തുക	അധികം
1	Providing And Laying Reinforced Cement	10 M	4198.02/M	3858.82/M	4184.58/ M	38588	41846	3258

	Concrete Pipe NP3 As Per Design …..							
2	Construction Of Subgrade And Earthern Shoulders With Approved Material…..	7.25 M^3	1210.20/M^3	1112.42/M^3	1203.98/M^3	8065	8729	664
	ആകെ							3922

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 28/5.08.24) ലഭ്യമാക്കിയ മറുപടിയിൽ നിരക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതാകയാൽ അപാകത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരന് ക്രമ വിരുദ്ധമായി അധികം നൽകിയ 4628/- രൂപ (3922 + 18% ജി.എസ്.ടി) തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-5 തെരുവ് വിളക്ക് പരിപാലനം - അധികം നൽകിയ തുക അംഗീകരിക്കുന്നില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് തൻവർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തെരുവ് വിളക്ക് പരിപാലനത്തിനായി 2022-23 വർഷം ആസൂത്രണം ചെയ്ത് ഡി.പി.സി അംഗീകാരം വാങ്ങിയ So003/2023 നമ്പർ പ്രോജക്ട് നടപ്പാക്കുന്നതിനായി 21.11.2022ൽ ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക (ഒരു ലൈറ്റിന് 160/- രൂപ) ക്വോട്ട് ചെയ്ത ശ്രീ.ജോബി എബ്രഹാം എന്ന കരാറുകാരനുമായി 9.1.2023ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയ്ക്ക് 2023-24 വർഷം സ്പിൽ ഓവർ അംഗീകരം (പ്രോ.നം So179/24) വാങ്ങുകയും 1940 എണ്ണം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് 292800/- രൂപ (ചെക്ക് നം 0594267/ 9.2.24 – 46865/- & ചെക്ക് നം 002257/ 4.8.23 – 245935/-) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

തുടർന്ന് തെരുവ് വിളക്ക് പരിപാലനത്തിനായി ആവീഷ്കരിച്ച So049/2024 നമ്പർ പുതിയ പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക (ഒരു ലൈറ്റിന് 210/- രൂപ) ക്വോട്ട് ചെയ്ത അജിത് പ്രസാദ് എന്ന കരാറുകാരനുമായി 9.10.2023ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും 10/10/2023 മുതൽ 28/11/2023 വരെയുള്ള തീയതികളിൽ 911 എണ്ണം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് 191310/- രൂപ ചെലവഴിക്കുകയും (ചെക്ക് നം 002969/ 29.3.24 – 25620/- & ചെക്ക് നം 0594266/ 9.2.24 – 165690/-) ചെയ്തിട്ടുണ്ട്.

So179/24 നമ്പർ സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്ത് കരാറുകാരനുമായി ഒപ്പുവെച്ച എഗ്രിമെന്റിന്റെ കാലാവധി

8.1.2024 വരെയായതിനാലും പ്രോജക്ടിൽ തുക ചെലവഴിക്കുവാൻ ബാക്കിയുള്ളതിനാലും ടി കാലയളവിൽ പുതിയ പദ്ധതി ആവീഷ്കരിച്ച് നടപ്പാക്കേണ്ട ആവശ്യമില്ല. എന്നാൽ ഇതിന് വിരുദ്ധമായി So049/2024 നമ്പർ പുതിയ പ്രോജക്ട് നടപ്പിലാക്കി 10/10/2023 മുതൽ 28/11/2023 വരെയുള്ള തീയതികളിൽ 911 എണ്ണം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് ഒരു ലൈറ്റിന് 210/- രൂപ നിരക്കിൽ തുക ചെലവഴിച്ചതുമൂലം 45550/- രൂപയുടെ (911 X 50) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടാണ്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 12/2.8.24) മറുപടി ലഭ്യമാക്കിയില്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിൻറെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2023	704000	നെൽകൃഷിക്ക് വിത്തും കൂലി ചെലവും ലഭ്യമാക്കൽ	704000	0
ബ്ലോക്ക് പഞ്ചായത്ത്	2023	100000	അനുപൂരക പോഷകാഹാരം	100000	0
ജില്ലാ പഞ്ചായത്ത്	2023	129055	അനുപൂരക പോഷകാഹാരം	129055	0
ബ്ലോക്ക് പഞ്ചായത്ത്	2023	458075	ശാരീരിക മാനസിക വെല്ലുവിളി ഉള്ള കുട്ടികൾക്കു	458075	0

			സ്കോളർഷിപ്പും ബത്തയും നൽകൽ		
ജില്ലാ പഞ്ചായത്ത്	2023	171750	ശാരീരിക മാനസിക വെല്ലുവിളി ഉള്ള കുട്ടികൾക്കു സ്കോളർഷിപ്പും ബത്തയും നൽകൽ	171750	0
ജില്ലാ പഞ്ചായത്ത്	2023	181253	വാർഡ് 15 കാളീവീട് എസ്സി കോളനി സ്ട്രീറ്റ് ലൈൻ വലിക്കൽ	0	181253
ബ്ലോക്ക് പഞ്ചായത്ത്	2023	300000	പാലിന് സബ്സിഡി	300000	0
ജില്ലാ പഞ്ചായത്ത്	2023	225000	പാലിന് സബ്സിഡി	225000	0
ബ്ലോക്ക് പഞ്ചായത്ത്	2023	150000	അഗതി രഹിത കേരളം ആശ്രയ - പഞ്ചായത്ത് വിഹിതം നൽകൽ	150000	0
ജില്ലാ പഞ്ചായത്ത്	2023	640000	ലൈഫ് ഭവനനിർമ്മാണം 2020	640000	0

			പട്ടണക്കാട് വിഭാഗം		
ബ്ലോക്ക് പഞ്ചായത്ത്	2023	1300400	ലൈഫ് ഭവനനിർമ്മാണം 2020 പട്ടണക്കാട് വിഭാഗം	1300400	0
ജില്ലാ പഞ്ചായത്ത്	2023	520000	ലൈഫ് 2020 ഭവന പദ്ധതി വെട്ടയ്ക്കൽ വിഭാഗം	520000	0
ബ്ലോക്ക് പഞ്ചായത്ത്	2023	1760000	ലൈഫ് 2020 ഭവന പദ്ധതി വെട്ടയ്ക്കൽ വിഭാഗം	1760000	0

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക

കെ.എസ്.ഇ.ബി	വാർഡ് 15 കാളീവീട് എസ്.സി കോളനി, സ്ട്രീറ്റ് ലൈൻ വലിക്കൽ	42301462	20000	0	20000
കെ.എസ്.ഇ.ബി	വാർഡ് 15 കാളീവീട് എസ്.സി കോളനി സ്ട്രീറ്റ് ലൈൻ വലിക്കൽ	42301475	181253	0	181253
കെ.എസ്.ഇ.ബി	റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന്	42300890	17962	0	17962

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പായിനത്തിൽ പഞ്ചായത്തിന് 6150000/- രൂപ വരവുണ്ട്. മുൻബാക്കി 2560000/- രൂപയടക്കം 8710000/- രൂപയിൽ 8323000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ

			ബാക്കിയുണ്ടായിരുന്ന തുക	മുതൽ	പലിശ	ബാക്കിയുള്ള തുക
Life Housing (KURDFC Loan)	ജി.ഒ(എം.എസ്) 68/2018 / തസ്വഭവ. 18.05.2018	79231559	53524561	5652998	0	54021563

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13537/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ തീയ്യതി
2022-23	1-20	2810	അക്ഷയ് ലാൽ	1231100283 Dtd 18/8/2023
2022-23	1-14	9835	സുനിൽകുമാർ	1231100287 Dtd 19/8/2023
2022-23	1-22	892	പ്രവീണ രതീഷ്	1231100419 Dtd 8/9/2023
Total		**13537**		

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)	67029088
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)	60868826
വരവിനങ്ങളിലുള്ള നഷ്ടം	20,000/-
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	180531/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3,05,157

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
2-1	7,500/-		ശ്രീ.ജോയ് മാത്യു, സെക്രട്ടറി
2-2	12,500/-		ശ്രീ.ജോയ് മാത്യു, സെക്രട്ടറി
3-1		60,000/-	മേരി ബെനജ കെ ജെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
3-2(1)		45925/-	അഞ്ജന സുനിൽ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
3-2 (3)		11,499/-	അഞ്ജന സുനിൽ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
3-4		4628/-	സിനി എസ്, അസി.എഞ്ചിനിയർ
3-5		45550/-	ശ്രീ.ജോയ് മാത്യു, സെക്രട്ടറി
ആകെ	20,000/-	167602/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-13	53,390/-	ഡോ.ജെയിംസ്.പി.ജോയ്, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-17	2,19,215	ശ്രീ.ജോയ് മാത്യു,സെക്രട്ടറി
1-20	32552	ശ്രീമതി.സുരക്ഷിത.യു.ടി,അസിസ്റ്റന്റ് സെക്രട്ടറി
ആകെ	3,05,157	

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഇന വിവരം	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-2	3843	ജി.എസ്.ടി	അഞ്ജന സുനിൽ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
3-3	9086	ജി.എസ്.ടി	അഞ്ജന സുനിൽ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
ആകെ	12929		

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ജോയി മാത്യു, സെക്രട്ടറി	സെക്രട്ടറി, പട്ടണക്കാട് ഗ്രാമപഞ്ചായത്ത്	കായൽപ്പുറം ഹൌസ് , കൈനകരി പി.ഒ, ആലപ്പുഴ.
മേരി ബെനജ കെ ജെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പട്ടണക്കാട് ഗ്രാമപ്പഞ്ചായത്ത്	കോട്ടപ്പള്ളി വീട്, അർത്തുങ്കൽ പി.ഒ, ചേർത്തല, ആലപ്പുഴ -688530
അഞ്ജന സുനിൽ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, പട്ടണക്കാട് ഗ്രാമപ്പഞ്ചായത്ത്	പള്ളിപ്പറമ്പിൽ വീട്ടിൽ, കല്ലഞ്ചേരി കായൽ റോഡ്, കുമ്പളങ്ങി വടക്ക്
സിനി എസ്, അസി.എഞ്ചിനിയർ	അസി.എഞ്ചിനിയർ, പട്ടണക്കാട് ഗ്രാമപ്പഞ്ചായത്ത്	തെക്കേത്തനാലിൽ, ചേർത്തല പി.ഒ., ആലപ്പുഴ
ഡോ.ജെയിംസ്.പി.ജോയ്, മെഡിക്കൽ ഓഫീസർ (ഹോമിയോ)	മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, പട്ടണക്കാട്	പുത്തൻ വീട്ടിൽ ഹൌസ്, അത്താണിയേടത്ത് റോഡ്, പയ്യാറ്റിൽ ലെയിൻ, വെണ്ണല പി.ഒ , കൊച്ചി-28

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98 ചെലവ്	എൽ.എഫ്.എ5-1832/2011/17.01.2012
2002-03	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023

2003-04	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2004-05	എൽ.എഫ്.എ5-1832/2011/17.01.2012
2005-06	എൽ.എഫ്.എ5-1832/2011/17.01.2012
2006-07	എൽ.എഫ്.എ8-49/10/18.10.10/10.11.10
2007-08	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2008-09	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2009-10	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2010-11, 2011-12	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2012-13	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2013-14	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2014-15	കെ.എസ്.എ എ.എൽ.പി./പി.2-617/16/09.06.2016
2015-16	കെ.എസ്.എ/എ.എൽ.പി/പി2/1254/16/14.11.2016
2016-17	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2017-18	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2018-19	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2019-20	കെ.എസ്.എ.എ.എൽ.പി-പി2-344/21/12.4.21
2020-21	കെ.എസ്.എ.എ.എൽ.പി-പി2-194/22/6.05.22
2021-22	കെ.എസ്.എ.എ.എൽ.പി-പി2-1370/22/4.11.22
2022-23	കെ.എസ്.എ.എ.എൽ.പി-പി2-1094/2023/ 03.10.23

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 07-06-2024 and submitted on 10-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Pattanakkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial

Statements give a true and fair view of financial result for the year 2023-2024 and Financial position of Pattanakkad Grama Panchayat as on 31-03-2024

Date: 07/10/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pattanakkad Grama Panchayat for the Year 2023-2024.

1.Major Observations

1) Non Disclosure of Assets

a). The exact value of the property (land) acquired by the Panchayat is not included as an asset under the head 415120001-Local Self Government Institution Officer Building-Land.

2) Non Disclosure of liability

Liability inrespect of water charge does not appear in the balance sheet.

2.Other Observations

1) The mandatory financial statement ratios, prescribed in accounting rules is not submitted for audit.
2) Cash flow statement, net increase/decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalens.
3) The Demand, Collection and Balance of Property Tax as per Annual Account does not match with the entries in

D.C.B Statement from Sanjaya Software

4) The demand entries property tax, professional tax etc are not recorded in the ledger at the beginning of the year and every month thereafter. No monthly reconciliations are made between ledger balances and concerned registers.

5) Annual DCB is not prepared recorded In permit register. Therefore the authenticity of the figure included in the annual accounts could not be verified.

6) As per Rent Regiter the current year rental income demand from building for the year is 394293/-. But as per AFS it is 400584/-

Deputy Director

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്